# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3270

13.03.2017 - ൽ മറുപടിക്ക്.

## കുടുംബശ്രീയിലൂടെ വനിതകൾക്ക് തൊഴിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് കുടുംബശ്രീയിലൂടെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിന്മേൽ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; | (എ) കൊച്ചി മെട്രോയിൽ കുടുംബശ്രീ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്ക് കുടുംബശ്രീ മിഷനും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം ക്ലീനിംഗ് മുതൽ ഓഫീസ് നിർവ്വഹണം വരെയുള്ള വിവിധ മേഖലകളിലാണ് കുടുംബശ്രീ വനിതാ ജീവനക്കാരെ നിയമിക്കുന്നത്. നിയമനം നടത്തുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികൾക്കുള്ള എഴുത്തുപരീക്ഷ നടത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർവ്യൂവിനു ശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) ഇത് സംബന്ധിച്ച കൊച്ചി മെട്രോയുമായി ധാരണാപത്രം കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) കൊച്ചി മെട്രോയും കുടുംബശ്രീയുമായുള്ള ധാരണാ പത്രം 2016 ഡിസംബർ 10-ാം തീയതി ഒപ്പു വയ്ക്കുകയും ആയത് പരസ്പരം കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതിനായി കുടുംബശ്രീയിൽ നിന്നും വനിതകളെ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദീകരിക്കാമോ? | (സി) എറണാകുളം ജില്ലയിലെ കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും എഴുത്തുപരീക്ഷ നടത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് പരിശോധനയും കൂടിക്കാഴ്ചയും നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ